**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 130** **07-06-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈക്കോ ഔട്ട് ലെറ്റുകളിലെ വില വർദ്ധന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri G R Anil**<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈക്കോ ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെയും ടെണ്ടർ മുഖേനയും നാഫെഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പല അവശ്യ സാധനങ്ങൾക്കും മാർക്കറ്റ് വിലയെക്കാൾ വില കൂടി നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; | (ബി) | പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നത്. സപ്ലൈകോ വില്പനശാലകളിലെ നിലവിലുള്ള സബ്സിഡി വിലയും 01/06/2021 ലെ പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും അനുബന്ധമായി ചേർക്കുന്നു. |
| (സി) | അവശ്യസാധനങ്ങളുടെ ക്വാളിറ്റി നിശ്ചയിക്കുന്നത് ഏതുരീതിയിലാണ്; പല അവശ്യ സാധനങ്ങൾക്കും ക്വാളിറ്റി ഇല്ല എന്നുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുമോ? | (സി) | സപ്ലൈകോ കൈകാര്യം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾക്കെല്ലാം ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ, അഗ്മാർക്ക്, ഇന്ത്യൻ സ്റ്റാന്റേർഡ്സ് (BIS), FCI സ്റ്റാന്റേർഡ്സ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. ഡിപ്പോകളിൽ വിതരണത്തിനെത്തിക്കുന്ന ഭക്ഷ്യ വസ്തുക്കൾ, നിശ്ചയിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 01/06/2021 (per Kg) | വ്യത്യാസം | വ്യത്യാസം ശതമാന ത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 112.43 | 38.43 | 34.18% |
| 2 | ഉഴുന്ന് ബോൾ | 66.00 | 122.93 | 56.93 | 46.31% |
| 3 | വൻകടല | 43.00 | 81.71 | 38.71 | 47.37% |
| 4 | വൻപയർ | 45.00 | 78.43 | 33.43 | 42.62% |
| 5 | തുവര പരിപ്പ് | 65.00 | 111.21 | 46.21 | 41.55% |
| 6 | മുളക് | 75.00 | 188.07 | 113.07 | 60.12% |
| 7 | മല്ലി | 79.00 | 98.86 | 19.86 | 20.09% |
| 8 | പഞ്ചസാര | 22.00 | 37.82 | 15.82 | 41.83% |
| 9 | വെളിച്ചെണ്ണ 1 ലിറ്റർ | 90.00 | 220.75 | 130.75 | 59.23% |
| 10 | ജയ അരി | 25.00 | 38.67 | 13.67 | 35.35% |
| 11 | കുറുവ അരി | 25.00 | 36.00 | 11.00 | 30.56% |
| 12 | മട്ട അരി | 24.00 | 36.93 | 12.93 | 35.01% |
| 13 | പച്ചരി | 23.00 | 36.00 | 13.00 | 36.11% |